**കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 44**
**04/02/2013 ലെ മറുപടിക്ക്**
**പണിമുടക്ക് സംബന്ധിച്ച വിഷയങ്ങളും ഉറപ്പുകളും**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) | ഒരു വിഭാഗം സർക്കാർ ജീവനക്കാർ ജനുവരി 8 മുതൽ നടത്തിയ പണിമുടക്കിന് കാരണമായി ഉന്നയിച്ചിരുന്ന വിഷയങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ ; | പ്രധാനമായും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക, ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പൂർണ്ണമായി പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് പണിമുടക്കിന് കാരണമായി ഉന്നയിച്ചിരുന്നത്. |
| (ബി) | പണിമുടക്കിന് മുൻപ് ജീവനക്കാരുമായി ചർച്ചകൾ നടത്തിയിരുന്നുവോ; പ്രസ്തുത ചർച്ചയിൽ സർക്കാർ എന്തെല്ലാം കാര്യങ്ങളായിരുന്നു വിശദീകരിച്ചിരുന്നത് ; | പണിമുടക്കിന് മുൻപ് ജീവനക്കാരുമായി ചർച്ച നടത്തിയിരുന്നു. ചർച്ചയിൽ സർക്കാർ വിശദീകരിച്ച കാര്യങ്ങൾ മിനിട്സിൽ വ്യക്തമാക്കിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പണിമുടക്ക് പിൻവലിക്കുന്നതിന് കാരണമായ ചർച്ചയിൽ എന്തെല്ലാം ഉറപ്പുകളാണ് ജീവനക്കാർക്ക് നൽകിയത് എന്ന് വ്യക്തമാക്കുമോ ? | പണിമുടക്ക് പിൻവലിക്കുന്നതിന് കാരണമായ 13.01.13 ലെ ചർച്ചയുടെ മിനിട്സിൽ ഉറപ്പുകൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**01.04.2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് 08.08.2012 ലെ സ.ഉ(പി)നം. 441/2012/ധന പ്രകാരം ആവിഷ്കരിച്ച ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 01.01.2013-ൽ ഗവ.സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ വച്ച് വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ മിനിട്ട്സ്**

01.04.2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് 08.08.2012 ലെ സ.ഉ(പി) നം. 441/2012/ധന പ്രകാരം ദേശീയ പെൻഷൻ പദ്ധതി (National Pension System – NPS) ആവിഷ്കരിച്ചു. NPS നടപ്പിലാക്കുന്നതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി 16.08.2012 ൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ജീവനക്കാരുടെ ആശങ്കകൾ ദുരീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ NPS പിൻവലിക്കണമെന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു വിഭാഗം ജീവനക്കാർ 08.01.2013 മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി 01.01.2013, 11മണിക്ക് ഗവ. സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ വച്ച് ചർച്ച നടത്താൻ ബഹു. മുഖ്യമന്ത്രി തീരുമാനിച്ചത്. 11 മണിക്ക് ആരംഭിച്ച ചർച്ചയിൽ ബഹു. മുഖ്യമന്ത്രിക്കു പുറമേ ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, ചീഫ് സെക്രട്ടറി ശ്രീ.കെ.ജോസ് സിറിയക്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ഡോ.വി.പി.ജോയ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ധനകാര്യ റിസോഴ്സസ്) ശ്രീ. എം. ഗിരീഷ് കുമാർ തുടങ്ങിയവരും വിവിധ സർവ്വീസ് സംഘടനകളെ പ്രതിനിധീകരിച്ച് 118 ജീവനക്കാരും പങ്കെടുത്തു (സർവ്വീസ് സംഘടനാ പ്രതിനിധികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു).

2. 16.08.2012 ൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ NPS നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നൽകിയ ഉറപ്പുകളിൽ ഇതിനോടകം തീരുമാനങ്ങളെടുത്തെങ്കിലും 08.01.2013 മുതൽ ഒരു വിഭാഗം ജീവനക്കാർ പണിമുടക്ക് നോട്ടീസ് നല്കിയത് മൂലമാണ് സർക്കാർ വീണ്ടുമൊരു ചർച്ചയ്ക്ക് തയ്യാറായതെന്ന് മുഖ്യമന്ത്രി ആമുഖമായി പറഞ്ഞു. NPS നടപ്പിലാക്കുന്നത് മൂലം സമീപ ഭാവിയിൽ സർക്കാരിന് യാതൊരു സാമ്പത്തിക നേട്ടങ്ങളും ഉണ്ടാവില്ലെന്ന് മാത്രമല്ല 10%



Baijoraj

സെക്ഷൻ ഓഫീസർ

സർക്കാർ വിഹിതം അടയ്ക്കുന്നതു മൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയാണ് ഉണ്ടാവുകയെന്നും മുഖ്യമന്ത്രി സൂചിപ്പിച്ചു. ഈ തലമുറ ഉപയോഗിക്കുന്ന സേവനങ്ങളുടെ ഭാരം ദുർവഹമായ രീതിയിൽ അടുത്ത തലമുറയ്ക്ക് കൈമാറുന്നത് അനീതിയായതിനാൽ അതിന് ഇപ്പോൾ തന്നെ തുക വകയിരുത്തുന്നതാണ് ദേശീയ പെൻഷൻ സമ്പ്രദായത്തിന്റെ അടിസ്ഥാനതത്വം . ദീർഘ വീക്ഷണത്തോടു കൂടി കാര്യങ്ങൾ ചെയ്തില്ലെങ്കിൽ 20-25 വർഷം കഴിയുമ്പോൾ പെൻഷൻ മുടങ്ങുന്ന അവസ്ഥ വരും. ഇത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. മൂന്നു സംസ്ഥാനങ്ങളൊഴിച്ച് മറ്റെല്ലാ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും NPS നടപ്പിലാക്കിയ പശ്ചാത്തലത്തിൽ കേരളം മാത്രം ഇതിൽ നിന്നും മാറി നിന്നാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. നിലവിലുള്ള ജീവനക്കാരെ ഒരു തരത്തിലും ബാധിക്കാത്ത വിധം 01.04.2013 മുതലുള്ള നിയമനങ്ങൾക്കു മാത്രമാണ് ടി പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്. കഴിഞ്ഞ ചർച്ചയിൽ സംഘടനാ പ്രതിനിധികൾ ഉന്നയിച്ച കാര്യങ്ങൾ ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. ജീവനക്കാർ ഉന്നയിച്ച കാര്യങ്ങളിൽ വ്യക്തത വന്നിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

3. നിർദ്ദിഷ്ട പദ്ധതിക്ക് EPF model അവലംബിച്ചുകൊണ്ട് minimum return ഉറപ്പാക്കുന്ന ശുപാർശ പാർലമെന്ററികാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സമർപ്പിച്ചിട്ടുണ്ടെന്നും ഇത് പാർലമെന്റ് അംഗീകരിക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. സർക്കാർ നിശ്ചയിച്ചിരിക്കുന്ന മേഖലകളിൽ നിക്ഷേപിക്കുന്നവർക്ക് മിനിമം റിട്ടേൺ ഉറപ്പു വരുത്തുന്നതാണ്. എന്നാൽ തുക എവിടെ നിക്ഷേപിക്കണമെന്നതിന്റെ മുഴുവൻ അവകാശവും ജീവനക്കാരൻ നിലനിർത്തിയാൽ minimum return ഉറപ്പു വരുത്തുവാൻ കഴിയുന്നതല്ല. കുടുംബ പെൻഷൻ, ജീവനക്കാരൻ ആഗ്രഹിക്കുന്ന പക്ഷം അത്തരം annuity model തെരഞ്ഞെടുക്കാവുന്നതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരന്റെ ആശ്രിതർക്ക് ആശ്രിത നിയമനം ലഭിക്കുന്നതുവരെ പെൻഷൻ കഴിച്ചുള്ള ശമ്പളം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജീവനക്കാർക്ക് എൽ.റ്റി. സി. അനുവദിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നും ശമ്പള പരിഷ്കരണ അപാകതകൾ



ഓഫീസർ

പരിഹരിച്ച് 122 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന 2 എണ്ണം മന്ത്രിസഭയുടെ പരിഗണനയിലാണെന്നും മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു.

4. 2011-12 ലെ പെൻഷൻ ബാധ്യത 2000-01 നെ അപേക്ഷിച്ച് നാലര ഇരട്ടിയാണെന്നും 2039-40 ആകുമ്പോൾ പെൻഷൻ ബാധ്യത ഏകദേശം 8,95,809 കോടി രൂപയാകുമെന്നും ഇപ്രകാരം പെൻഷൻ ബാധ്യത ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഭീതിപ്പെടുത്തുന്ന സാഹചര്യത്തിൽ ഭാവിയിൽ പെൻഷൻ ഉറപ്പു വരുത്തുന്നതിനായാണ് NPS നടപ്പിലാക്കുന്നതെന്നും അറിയിച്ചു. ആയതിനാൽ സർക്കാരിന്റെ നല്ല ഉദ്ദേശ്യത്തോട് സഹകരിക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി സർവ്വീസ് സംഘടനാ പ്രതിനിധികളെ ചർച്ചയ്ക്കായി ക്ഷണിച്ചു.

5. NPS ൽ പെൻഷൻ ഗ്യാരന്റി ചെയ്തിട്ടില്ലാത്തതിനാലും പണപ്പെരുപ്പം ഗുരുതരമായി ഉയരുന്ന സാഹചര്യത്തിൽ ശമ്പളത്തിൽ നിന്നും 10% കിഴിവ് ചെയ്യുന്നത് അംഗീകരിക്കാനാവാത്തതിനാലും പ്രസ്തുത പദ്ധതി പിൻവലിക്കണമെന്ന് FSETO പ്രതിനിധി ആവശ്യപ്പെട്ടു. നിലവിൽ മികച്ച രീതിയിലുള്ള കുടുംബ പെൻഷനാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. EPF പദ്ധതി പ്രകാരമുള്ള, പരിഷ്കരണം ഇല്ലാത്ത പെൻഷൻ നടപ്പിലാക്കുന്നതിനോട് യോജിക്കാനാവില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി .

6. 10 വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം, താഴെത്തട്ടിലുള്ള നിയമനങ്ങൾ കരാർ അടിസ്ഥാനത്തിലാക്കുക തുടങ്ങിയ Kerala Public Expenditure Review Committee (KPERC) ശുപാർശകളിന്മേൽ സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കണമെന്നും താഴെത്തട്ടിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ അപാകതകൾ പരിഹരിക്കണമെന്നും FSETO പ്രതിനിധി ആവശ്യപ്പെടുകയുണ്ടായി.

7. തുടർന്ന് SETO പ്രതിനിധി സംസാരിച്ചു. രാജ്യം മുഴുവനും അംഗീകരിച്ച പങ്കാളിത്ത പെൻഷനെ യാഥാർത്ഥ്യ ബോധത്തോടെ അംഗീകരിക്കുന്നുവെന്നും നിർദ്ദിഷ്ട പദ്ധതിയിൽ ഏത് സ്കീം ഓപ്റ്റ് ചെയ്താലും മിനിമം പെൻഷൻ ഉറപ്പ് വരുത്തണമെന്നും നിലവിലുള്ള ജീവനക്കാർക്ക് കാലാകാലങ്ങളിൽ ലഭിക്കേണ്ട ശമ്പള / പെൻഷൻ പരിഷ്കരണം എന്നിവ ഉറപ്പുവരുത്തണമെന്നും പ്രതിനിധി ആവശ്യപ്പെട്ടു. കൂടാതെ GPF നിലനിർത്തണമെന്നും



Baijarai
സെക്ഷൻ ഓഫീസർ

ഇക്കാര്യത്തിൽ ഒരു ഉറപ്പ് വേണമെന്നും ആവശ്യപ്പെട്ടു. നിലവിൽ കേന്ദ്ര സംസ്ഥാന സർവ്വീസുകളിൽ നിലനില്ക്കുന്ന സർവ്വീസ് ദൈർഘ്യത്തിലുള്ള അന്തരം NPS നടപ്പിലാക്കുമ്പോൾ ജീവനക്കാരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പദ്ധതിയിലെ അംഗങ്ങളുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തണമെന്നും കേന്ദ്ര നിരക്കിലുള്ള ആനുകൂല്യം അനുവദിക്കണമെന്നും സർവ്വീസ് ദൈർഘ്യമില്ലാത്തവർക്ക് NPS ൽ നിന്നും ലഭിക്കുന്ന പെൻഷൻ തുച്ഛമായതിനാൽ കുടുംബ പെൻഷൻ ഉറപ്പു വരുത്തണമെന്നും ആവശ്യപ്പെട്ടു. സംസ്ഥാനത്തെ ട്രഷറികളെ Point of Presence ആക്കുവാനും സർക്കാർ Pension Fund Manager ആയി പ്രവർത്തിക്കാനുമുള്ള സാധ്യത കൂടി പരിശോധിക്കണമെന്നും ക്ളാസ് IV ജീവനക്കാരുടെ 10% പ്രമോഷൻ സംബന്ധിച്ച ഉത്തരവും, 5 day week നിലവിലുള്ള ആനുകൂല്യങ്ങളൊന്നും നഷ്ടപ്പെടുത്താതെ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശവും എത്രയും വേഗം നൽകണമെന്നും NPS നടപ്പിലാക്കുമ്പോൾ EPF ലെ വ്യവസ്ഥകൾ ഇതിന് ബാധകമാക്കരുതെന്നും അഭ്യർത്ഥിച്ചു.

8. NPS പ്രാബല്യത്തിലായാൽ ഭാവിയിൽ ആരോഗ്യമേഖലയിലടക്കം ജോലിക്ക് ആളുകളെ കിട്ടാത്ത സാഹചര്യം സംജാതമാകുമെന്നും അതുകൊണ്ട് ജീവനക്കാർക്കിടയിൽ ഈ വിഷയത്തിൽ ഒരു ഹിത പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രം തുടർ നടപടി സ്വീകരിക്കാവൂവെന്നും Joint Council പ്രതിനിധി അഭ്യർത്ഥിച്ചു.

9. സർക്കാർ തലത്തിൽ വേണം NPS ലെ തുക സമാഹരിക്കേണ്ടതും ടി തുക കൈമാറ്റം ചെയ്യേണ്ടതുമെന്ന് SETO പ്രതിനിധി തുടർന്ന് പറഞ്ഞു. കൂടാതെ എൽ.റ്റി.സി യിലെ 2400 കി.മീ. നിബന്ധന ഒഴിവാക്കി ഇന്ത്യയിലെവിടെയും പോകാവുന്ന സാഹചര്യം സൃഷ്ടിക്കണമെന്നും അഭ്യർത്ഥിച്ചു.

10. തുടർന്ന്, സർവ്വീസ് സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ ബഹു. മുഖ്യമന്ത്രി മറുപടി പറഞ്ഞു.

11. ഇന്ന് സർവ്വീസിലുള്ളവർക്ക് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നതുപോലെയുള്ള ശമ്പള / പെൻഷൻ പരിഷ്കരണമടക്കമുള്ള ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി. GPF നിലനിർത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളു -



സെക്ഷൻ ഓഫീസർ

ന്നതാണെന്നും അദ്ദേഹം അറിയിച്ചു. 10 വർഷത്തിലൊരിക്കൽ മാത്രം ശമ്പള പരിഷ്കരണം മതിയെന്ന KPERC ശുപാർശയുണ്ടെങ്കിലും നിലവിലുള്ളതുപോലെ 5 വർഷത്തിലൊരിക്കൽ തന്നെ ശമ്പള പരിഷ്കരണം നടത്തണമെന്നാണ് തന്റെ അഭിപ്രായമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. എൽ.റ്റി.സി. യിലെ നിലവിലുള്ള 2400 കി.മീ. എന്ന നിബന്ധന പുന:പരിശോധിക്കുമെന്നും എൽ.റ്റി.സി സംബന്ധിച്ച വിശദമായ ചട്ടങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഉത്തരവ് 02.01.2013 ൽ തന്നെ പുറപ്പെടുവിക്കുമെന്നും പ്രഖ്യാപിച്ചു.

12. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്കരണ കമ്മിഷൻ എൽ.റ്റി.സി നടപ്പിലാക്കുവാൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും അന്നത്തെ ധനമന്ത്രി അതു നടപ്പിലാക്കുന്നത് നീട്ടി വയ്ക്കുകയായിരുന്നുവെന്ന് മുഖ്യമന്ത്രി അറിയിച്ചു. പെൻഷൻ പ്രായം ഉയർത്തണമെന്ന ജീവനക്കാരുടെ ആവശ്യം ന്യായമാണെങ്കിലും കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ തൊഴിൽ രഹിതരെ നിരാശരാക്കിക്കൊണ്ട് പെൻഷൻ പ്രായം ഉയർത്താനാവില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയപ്പോൾ 13,060 പുതിയ തസ്തികകൾ സൃഷ്ടിച്ചതുൾപ്പെടെ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു. തുടർന്നും അതുപോലെയുള്ള നടപടികൾ സ്വീകരിക്കാൻ ബുദ്ധിമുട്ടാണ്. NPS നടപ്പിലാക്കുവാൻ സർക്കാർ നിർബന്ധിതമായിരിക്കുന്ന സാഹചര്യം വ്യക്തമാക്കിയ സ്ഥിതിക്ക് 08.01.2013 മുതൽ ഒരു വിഭാഗം ജീവനക്കാർ പ്രഖ്യാപിച്ചിട്ടുള്ള പണിമുടക്ക് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി ഉപസംഹരിച്ചു.

ചർച്ച ഒരു മണിക്ക് അവസാനിച്ചു.

Bajarani

സെക്ഷൻ ഓഫീസർ

**2013 ജനുവരി 13 ന് ബഹു. മുഖ്യമന്ത്രിയും ബഹു. ധനകാര്യ മന്ത്രിയും NPS നടപ്പിലാക്കുന്നത് സംബന്ധിച്ച് സമരസമിതി സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ മിനിട്ട്സ്**

2013 ജനുവരി 13 ന് ബഹു. മുഖ്യമന്ത്രിയും ബഹു. ധനകാര്യ മന്ത്രിയും NPS നടപ്പിലാക്കുന്നത് സംബന്ധിച്ച് സമരസമിതി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ ചുവടെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി:

(1) 2013 ഏപ്രിൽ 1ന് ശേഷം NPS നടപ്പിലാക്കിക്കഴിയുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം, അത് പരിശോധിക്കുന്നതിന് ഗവൺമെന്റ് ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതാണ്. കുറഞ്ഞ വേതനവും സേവനകാലവുമുള്ള ജീവനക്കാരുടെ കാര്യം സംഘടനകൾ സൂചിപ്പിക്കുകയുണ്ടായി.

(2) മിനിമം റിട്ടേൺ, EPF പെൻഷനിൽ കുറവുവരാൻ പാടില്ല എന്ന് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. PFRDA ബിൽ നിയമമാകുമ്പോൾ ഒരു assured return scheme ഉണ്ടാവുന്നതാണ്.

(3) NPS പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരളാ ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുവാൻ PFRDA ക്ക് എഴുതുന്നതാണ്.

(4) 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരും എന്ന് വീണ്ടും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(5) സമരത്തിൽ പങ്കെടുത്തു എന്ന ഒറ്റക്കാരണം കൊണ്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പുന:പരിശോധിക്കുന്നതാണ്. ഓരോ കേസ്സും അതാതിന്റെ മെരിറ്റിൽ പരിശോധിക്കുന്നതാണ്.

Baijarani

സെക്ഷൻ ഓഫീസർ